**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 304** **03-03-2023 - ൽ മറുപടിയ്ക്ക്**

**ലഹരി വിപത്ത് തടയുന്നതിന് ജനകീയ പങ്കാളിത്തം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഐ ബി സതീഷ്,<br>ഡോ.കെ.ടി.ജലീൽ,<br>ശ്രീ. പി.വി. ശ്രീനിജിൻ,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ലഹരി വിപത്ത് തടയുന്നതിന് ജനകീയ പങ്കാളിത്തം ഉറപ്പാക്കാൻ നടത്തിയ പ്രചാരണത്തിന്റെയും ബോധവൽക്കരണത്തിന്റെയും തുടർച്ചയായി ലഹരി വിപണന ശൃംഖല തകർക്കുന്നതിനും മയക്കുമരുന്നിന് അടിമകളായവരെ അതിൽ നിന്നും വിമുക്തരാക്കുന്നതിനും എക്സൈസ് വകുപ്പിന്റെ പ്രവർത്തനം ശാക്തീകരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. എക്സൈസ് വകുപ്പിന്റെ പ്രവർത്തനം ശാക്തീകരിക്കുന്നതിന്റെ ഭാഗമായി വകുപ്പിലെ ആശയവിനിമയങ്ങൾ വേഗത്തിലാക്കുന്നതിനായി ആലപ്പുഴ, കൊല്ലം എന്നീ ജില്ലകളിൽ ഡിജിറ്റൽ വയർലെസ്സ് സിസ്റ്റം സ്ഥാപിച്ചിട്ടുണ്ട്. കാലപ്പഴക്കമേറിയ 33 വാഹനങ്ങൾക്ക് പകരമായി 33 മഹിന്ദ്ര ബൊലേറോ നിയോ വാഹനങ്ങൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. എക്സൈസ് വകുപ്പിനെ ആയുധവൽക്കരിക്കുന്നതിനായി 9 mm Auto പിസ്റ്റലുകൾ 60 എണ്ണം വാങ്ങിയിട്ടുണ്ട്. ശാസ്ത്രീയമായി പ്രതികളെ ചോദ്യം ചെയ്യുന്നതിനായി മൂന്ന് മേഖലകളിലായി ഓരോ ആധുനിക ചോദ്യം ചെയ്യൽ മുറികൾ സ്ഥാപിച്ചിട്ടുണ്ട്. ചെക്ക്പോസ്റ്റുകൾ സുതാര്യമാക്കുന്നതിനായി 8 പ്രധാനപ്പെട്ട ചെക്ക്പോസ്റ്റുകളിൽ കൂടി സി സി ടി വി സിസ്റ്റം സ്ഥാപിച്ചു. ബി. എസ്. എൻ. എല്ലു മായി ചേർന്ന് കേന്ദ്രീകൃത മോണിറ്ററിങ് സിസ്റ്റം പ്രാവർത്തികമാക്കിയിട്ടുണ്ട്. എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി മയക്കു മരുന്നിന്റെ ഉപയോഗം കണ്ടെത്താനുതകുന്ന 450 ഡ്രഗ് ഡിറ്റക്ഷൻ കിറ്റുകൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്.<br><br>ലഹരിവസ്തുക്കളുടെ ദുരുപയോഗം ഇല്ലാതാക്കുന്നതിന് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തുന്നതോടൊപ്പം വിമുക്തി മിഷന്റെ ആഭിമുഖ്യത്തിൽ ലഹരിക്കെതിരെ സാമൂഹിക പ്രതിരോധം തീർക്കുന്നതിന് വിവിധ തരത്തിലുള്ള പ്രവർത്തനങ്ങളും നടത്തിവരുന്നു. സംസ്ഥാനത്ത് മയക്കുമരുന്ന് ഉപയോഗവും വ്യാപനവും നിയന്ത്രിക്കുന്നതിനായി പ്രത്യേക |

| | | | |
|---|---|---|---|
| | | | കർമ്മപരിപാടി തയ്യാറാക്കി 'No to Drugs' എന്ന പേരിൽ രണ്ട് ഘട്ടങ്ങളിലായി എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ മറ്റ് വകുപ്പുകളെയും സംഘടനകളെയും പങ്കെടുപ്പിച്ച് ലഹരിവിരുദ്ധ ക്യാമ്പയിൻ സംഘടിപ്പിക്കുകയുണ്ടായി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും, വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ ഇതര സർക്കാർ വകുപ്പുകളുടെയും വിവിധ സന്നദ്ധ സംഘടനകളുടെയും സഹകരണത്തോടെ ലഹരിക്കെതിരെ സാമൂഹിക കൂട്ടായ്മ വളർത്തിയെടുക്കുന്ന തരത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ നടത്തി വരുന്നു. |
| (ബി) | മയക്കുമരുന്ന് വിപണനത്തിൽ ആവർത്തിച്ച് ഏർപ്പെടുന്നവരുടെ ഡാറ്റാ ബാങ്ക് എക്സൈസ് വകുപ്പ് തയ്യാറാക്കിയിട്ടുണ്ടെങ്കിൽ ഇവരെ കർശന നിരീക്ഷണത്തിന് വിധേയമാക്കാൻ പ്രത്യേകം നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ബി) | സംസ്ഥാനത്താകെ 2754 പ്രതികളുടെ ഡേറ്റാബാങ്ക് തയ്യാറാക്കി അവരുടെ പ്രവർത്തനം നിരീക്ഷിച്ചുവരുന്നു. മയക്കുമരുന്ന് വിപണനത്തിൽ ആവർത്തിച്ച് ഏർപ്പെടുന്നവരുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുകയും കുറ്റക്കാരെന്ന് കണ്ടെത്തിയാൽ കർശനമായ നിയമനടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. കൂടാതെ സ്ഥിരം കുറ്റവാളികൾക്കെതിരെ PIT NDPS നിയമ പ്രകാരമുളള നടപടികളും സ്വീകരിച്ചുവരുന്നു. മയക്കുമരുന്ന് കേസ്സുകളിൽ ഉൾപ്പെടുന്ന വ്യക്തികൾ വീണ്ടും കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ PIT NDPS Act 1988 പ്രകാരം കരുതൽ തടങ്കലിൽ പാർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. PIT NDPS Act 1988 പ്രകാരം സംസ്ഥാനത്തൊട്ടാകെ 63 പേരുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. എൻ.ഡി.പി.എസ്. കേസുകളിൽ **10** വർഷത്തിൽ കൂടുതൽ ശിക്ഷിക്കപ്പെടുന്ന സ്ഥിരം കുറ്റവാളികളുടെ സ്വത്തുക്കൾ കണ്ടുകെട്ടുവാൻ എൻ.ഡി.പി.എസ്. നിയമം അനുശാസിക്കുന്ന തരത്തിൽ നിയമ നടപടികൾ സ്വീകരിച്ച വരുന്നു. എൻ.ഡി.പി.എസ് നിയമത്തിലെ സെക്ഷൻ **34** പ്രകാരം മയക്കുമരുന്നു കേസിലെ പ്രതികൾ പുറത്തിറങ്ങിയാൽ ഇനി കുറ്റകൃത്യങ്ങൾ ചെയ്യില്ലെന്നുള്ള ബോണ്ടു വയ്ക്കുന്ന നടപടി സ്വീകരിച്ചു വരുന്നു. ആയത് പ്രകാരം നാളിതുവരെ **29** പേരിൽ നിന്നും ബോണ്ട് വാങ്ങിയിട്ടുള്ളതാണ്. ഇത്തരം ബോണ്ടുകൾ വാങ്ങുന്നത് ശിക്ഷ വിധിക്കുന്ന കോടതികളാണ്. മുൻ കേസിൽ പ്രതിയായിട്ടുള്ള ഒരാൾക്കെതിരെ മറ്റൊരു കേസിൽ കുറ്റപത്രം സമർപ്പിക്കുന്ന സമയത്ത് എൻ.ഡി.പി.എസ്. ആക്ട് സെക്ഷൻ **31** കൂടി ഉൾപ്പെടുത്തി അധിക ശിക്ഷ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ആയതു പ്രകാരം നാളിതുവരെ **34** കേസുകളിലെ പ്രതികൾക്കെതിരെ |

| | | | |
|---|---|---|---|
| | | | സെക്ഷൻ **31** പ്രകാരം അധിക ശിക്ഷ ലഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്**.** |

സെക്ഷൻ ഓഫീസർ